## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ 119 — 11.06.2012-ൽ മറുപടിക്ക്

## ബിവറേജസ് കോർപ്പറേഷന്റെ പ്രവർത്തനം

**ചോദ്യം**

ശ്രീ.മോൻസ് ജോസഫ്

**ഉത്തരം**

ശ്രീ.കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)

---

(എ) സംസ്ഥാനത്ത് വ്യാജമദ്യത്തിന്റെ വില്പന തടയുന്നതിനുവേണ്ടി ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ ഈ വർഷംതുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(എ) ഇല്ല.

(ബി) ജനങ്ങളുടെ പരാതിയുടെ അടിസ്ഥാനത്തിൽ ഔട്ട്ലെറ്റുകൾ മാറ്റി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ; ഔട്ട്ലെറ്റ് മാറ്റുന്നതിനുവേണ്ടി കോട്ടയം ജില്ലയിലെ കടുത്തുരുത്തിയിൽ നിന്നുമുള്ള പരാതിയിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) സ്വീകരിക്കും. കടുത്തുരുത്തി ഷോപ്പിനെതിരായ പരാതി അന്വേഷിച്ച് റിപ്പോർട്ട് നൽകുവാൻ, ബിവറേജസ് കോർപ്പറേഷന്റെ കോട്ടയം വെയർഹൗസ് മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിയ്ക്കുന്ന മുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) ബിറേജസ് കോർപ്പറേഷനിൽ ഡെപ്യൂട്ടേഷനിൽ നിയമനം അവസാനിപ്പിച്ച് സ്ഥിരം നിയമനം നടത്തുന്നതിന് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും പി.എസ്.സി. വഴി എത്ര പേരെ നിയമിച്ചു എന്നും ബാക്കിയുള്ള ഒഴിവുകൾ ഉടൻ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ ?

(സി) ബിവറേജസ് കോർപ്പറേഷനിലെ സ്ഥിര നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിട്ടുകൊണ്ട്, 10.10.1990-ലെ ജി.ഒ.(എം.എസ്.).45/90/പി. & എ ആർ ഡി പ്രകാരം സർക്കാർ ഉത്തരവായി. എന്നാൽ ഇതു സംബന്ധിച്ച റിക്രൂട്ട്മെന്റ് റൂൾസ് നിലവിൽ വന്നത്, 12.01.2007-ലെ ജി.ഒ.(എം.എസ്.).8/07/നി.വ. പ്രകാരമാണ്. അതനുസരിച്ച് താഴെ പറയുന്ന ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായി.

| തസ്തിക | എണ്ണം |
|---|---|
| അസിസ്റ്റന്റ് ഗ്രേഡ് II | 577 |
| എൽ.ഡി.ക്ലാർക്ക് | 514 |
| സ്റ്റെനോഗ്രഫർ | 2 |
| കമ്പ്യൂട്ടർ ഓപ്പറേറ്റർ | 75 |

| | |
|---|---|
| ടൈപ്പിസ്റ്റ് | 7 |
| ഡ്രൈവർ | 8 |
| ഹെൽപ്പർ | 230 |

അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേയ്ക്കുള്ള നിയമനം ഇപ്പോൾ നടന്നുവരുന്നു. 323 പേർ ഈ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചുകഴിഞ്ഞു. ശേഷിയ്ക്കുന്ന ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്യുന്നതിനായി പി.എസ്.സി.യോട് അപേക്ഷിച്ചിട്ടുണ്ട്. മറ്റു തസ്തികകളിലെ നിയമനങ്ങൾക്കുള്ള അഡ്വൈസ് പി.എസ്.സി. ആരംഭിച്ചിട്ടില്ല. പി.എസ്.സി. -യുടെ അഡ്വൈസ് ലഭിയ്ക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.